# ഇന്റർനെറ്റ് കഫേകളെ സുരക്ഷിതമാക്കാനുള്ള നൂതനസംവിധാനവുമായി സിറ്റിപോലീസ് രംഗത്ത്

കൊച്ചി: സൈബർ കുറ്റകൃത്യങ്ങൾ രാജ്യസുരക്ഷക്കു തന്നെ ഭീഷണിയായി മാറിയിരിക്കുന്ന സാഹചര്യത്തിൽ ഇന്റർനെറ്റ് കഫേകളുടെ പ്രവർത്തനം സുരക്ഷിതമാക്കാൻ സഹായിക്കുന്ന പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനം കേരളത്തിലും നിലവിൽ വരുന്നു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം കൊച്ചിയിൽ നടന്ന ചടങ്ങിൽ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ജോർജ് വർഗ്ഗീസ് നിർവ്വഹിച്ചു. മുംബൈ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഐഡിയാക്ട്സ് ഇന്നൊവേഷൻസ് എന്ന കമ്പനി 'ക്ലിങ് സൈബർകഫേ മാനേജർ' എന്ന പേരിൽ വികസിപ്പിച്ചെടുത്തിട്ടുള്ള സോഫ്റ്റ്‌വെയറാണ് സിറ്റി പോലീസിന്റെ സഹകരണത്തോടെ നഗരത്തിലെ കഫേകളിൽ സ്ഥാപിക്കുക. ഈ സംവിധാനം പരിചയപ്പെടുത്തുന്നതിനായി കഫേ ഉടമകളുടെ യോഗവും സിറ്റിപോലീസ് സംഘടിപ്പിച്ചിരുന്നു.

വ്യക്തിവൈരാഗ്യം തീർക്കുകയെന്ന ലക്ഷ്യത്തോടെ വി.ഐ.പി.കൾക്ക് ഭീഷണിസന്ദേശങ്ങൾ അയക്കുന്നതു മുതൽ ഭീകരപ്രവർത്തനങ്ങൾക്കു വരെ ഇക്കാലത്ത് സൈബർ കഫേകൾ വേദിയാവുന്ന സാഹചര്യത്തിൽ ഇത്തരമൊരു സോഫ്റ്റ്‌വെയർ സംവിധാനത്തിന് പ്രസക്തിയേറെയാണെന്ന് ചടങ്ങിൽ ജോർജ് വർഗ്ഗീസ് ചൂണ്ടിക്കാട്ടി. ഇപ്പോൾ പല കഫേകളിലും സന്ദർശകരുടെ പേരുവിവരങ്ങൾ ബുക്കിൽ രേഖപ്പെടുത്തിവെക്കുന്ന രീതി ഉണ്ടെങ്കിലും അന്വേഷണങ്ങൾക്കും മറ്റും ഇത് പലപ്പോഴും വേണ്ടത്ര ഉപകാരപ്രദമാവാറില്ല. എന്നാൽ ക്ലിങ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തുകഴിഞ്ഞാൽ സന്ദർശരുടെ ഫോട്ടോ, ഐഡന്റിറ്റികാർഡ്, പേര്, മൊബൈൽ നമ്പർ, എത്തിയ സമയം, സ്ഥലംവിട്ട സമയം തുടങ്ങിയ വിശദാംശങ്ങളെല്ലാം അനായാസം ശേഖരിച്ച് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാൻ കഴിയും. ഈ സംവിധാനം സ്ഥാപിച്ചിട്ടുള്ള കഫേകളിൽ സന്ദർശകർക്ക് അതിൽ രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ ഇന്റർനെറ്റിലേക്ക് കടക്കാൻ കഴിയുകയു

# പറവൂർ പോസ്റ്റോഫീസിൽ പി.എസ്.സി. അപേക്ഷാഫോറം ലഭ്യമാക്കണം: ഡി.വൈ.എഫ്.ഐ.

പറവൂർ: പറവൂർ മെയിൻ പോസ്റ്റ് ഓഫീസിൽ പി.എസ്.സി. അപേക്ഷാഫോറം ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഡി.വൈ.എഫ്.ഐ. പറവൂർ ബ്ലോക്ക് കമ്മിറ്റി ആവശ്യപ്പെട്ടു. എൽ.ഡി.സി. ഉൾപ്പെടെ പി.എസ്.സി.പരീക്ഷകൾക്ക് അപേക്ഷ അയക്കേണ്ടതിനാൽ ഉദ്യോഗാർഥികൾ വലയുകയാണ്. ആലുവ പോസ്റ്റൽ സീനിയർ സൂപ്രണ്ട് ഓഫീസിൽ ബന്ധപ്പെട്ടപ്പോൾ പറവൂരിൽ സ്റ്റോക്കില്ല എന്ന വിവരം ഇതുവരെ അറിയിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. പറവൂർ മെയിൻ പോസ്റ്റോഫീസിൽ അന്വേഷിച്ചപ്പോൾ പലതവണ അറിയിച്ചിട്ടും അയച്ചുതരുന്നില്ല എന്നാണ് വിശദീകരണം നൽകുന്നത്. ഉടൻ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയില്ലെങ്കിൽ സമരപരിപാടികൾ ആവിഷ്കരിക്കുമെന്ന് ബ്ലോക്ക് പ്രസിഡണ്ട് ടി.വി.നിഥിൻ, സെക്രട്ടറി പി.പി.അജിത്കുമാർ എന്നിവർ അറിയിച്ചു.

# അങ്കമാലി ഫെസ്റ്റ് വിളംബര ജാഥ ഇന്ന് സമാപിക്കും